പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങൾ ഇൻഷ്വർ ചെയ്യണമെന്ന ആവശ്യം

743. [1231] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ ഇൻഷ്വർ ചെയ്യണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഷ്വറൻസ് കമ്പനികളുമായി ഇക്കാര്യം ചർച്ച ചെയ്യാൻ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ഗ്രാമസംഘത്തിൽ ഫിഷറീസ് ഓഫീസർമാരുടെ നിയമനം

744. [1232] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ഗ്രാമ സംഘത്തിൽ ഫിഷറീസ് ഓഫീസർമാരുടെ എത്ര ഒഴിവുകളുണ്ട് ;

(ബി) അതിൽ എത്ര പേരെ നിയമിച്ചു ;

(സി) ബാക്കിയുള്ളവരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുവരെ 82 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) 73 പേരെ നിയമിച്ചു.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യഫെഡിലെ നിയമനങ്ങൾ

745. [1233] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മത്സ്യഫെഡിലെ നിയമനങ്ങൾക്ക് സംസ്ഥാനത്തിനു വെളിയിൽ നിന്നുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്, നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും മറ്റ് യോഗ്യതകളും എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിനുള്ളിൽ നിന്നും അർഹരായവരെ കിട്ടാൻ സാദ്ധ്യതയുള്ളപ്പോൾ ഇത്തരം നടപടി സ്വീകരിച്ചത് എന്തുകൊണ്ടാണ് ;

(ഡി) മത്സ്യഫെഡിൽ മൽസ്യത്തൊഴിലാളികൾക്ക് അർഹമായി ലഭിക്കേണ്ട പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന് വെളിയിൽ നിന്നുള്ളവരിൽ നിന്നു മാത്രമായി അപേക്ഷ ക്ഷണിച്ചിട്ടില്ല. നിയമനത്തെ സംബന്ധിച്ച പരസ്യങ്ങളും പത്ര മാരാ പ്രസിദ്ധപ്പെടുത്തുമ്പോൾ സംസ്ഥാനത്തിനു അകത്തു നിന്നോ വെളിയിൽ നിന്നോ അപേക്ഷ ക്ഷണിക്കുന്നു എന്നും എടുത്തു പറയാറില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) നടപടി സ്വീകരിച്ചു വരുന്നു.

മത്സ്യഫെഡ്ഡിന്റെ ബസ്സുകൾ

746. [1234] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ യാത്രാസൗകര്യം കണക്കിലെടുത്ത് മത്സ്യഫെഡ് എത്ര ബസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഈ ബസ്സുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ബസ്സിൽ യാത്ര ചെയ്യുന്ന സ്ത്രീകളിൽ നിന്നീടാക്കുന്ന തുകയിൽ കുറവ് വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഏതെങ്കിലും ജില്ലയ്ക്ക് നൽകിയ ബസ്സ് ഓടാത്ത അവസ്ഥ നിലവിലുണ്ടോ ?

ഉത്തരം

(എ) ഒമ്പത്.

(ബി) തിരുവനന്തപുരം ജില്ലയിൽ ആറും കൊല്ലം കോട്ടയം ജില്ലകളിൽ മാരാ ബസ്സുകൾ വീതവും ഓടിക്കുന്നുണ്ട്. കൂടാതെ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്നതിന് ഒരു ബസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ബസ് സർവ്വീസിനുവേണ്ടി ചെലവാകുന്ന തുകപോലും വസൂലാക്കാൻ കഴിയാത്ത ഇന്നത്തെ അവസ്ഥയിൽ യാത്രക്കൂലിയിൽ ഇനിയും ഇളവനുവദിക്കാൻ നിർവ്വാഹമില്ല.

(ഡി) ഉണ്ട്. കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്നതിനുവേണ്ടി അനുവദിച്ച ബസ്സ് ഒരു വിഭാഗം മത്സ്യത്തൊഴിലാളികളുടെ എതിർപ്പ് മൂലം സർവ്വീസ് നടത്താതിരിക്കുകയാണ്.

മത്സ്യക്കയറ്റുമതി

747. [1235] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് നിന്നും എത്ര രൂപയ്ക്ക് മത്സ്യം കയറ്റുമതി ചെയ്തിട്ടുണ്ടെന്ന് അറിയാമോ ?

ഉത്തരം

വിവരം താഴെ ചേർക്കുന്നു.

വർഷം	കയറ്റുമതി ചെയ്ത മത്സ്യത്തിന്റെ വില രൂപ കോടി കണക്കിൽ
1982-83	141.49
1983-84	140.85
1984-85	148.13
1985-86	138.08

LIBRARY ARCHIVES Kerala Legislative Assembly